# കേരള സർവകലാശാല

നം.പി.ആർ.173/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം 2018

### കോളേജ് തല സ്പോട്ട് അഡ്മിഷൻ 06.08.2018 ലേക്ക് മാറ്റി വച്ചിരിക്കുന്നു.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെൻറ് /എയ്ഡഡ് കോളേജുകളിൽ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് 01.08.2018 ന് നടത്തുമെന്നറിയിച്ചിരുന്ന സ്പോട്ട് അഡ്മിഷൻ 06.08.2018 ലേക്ക് മാറ്റി വച്ചിരിക്കുന്നു. 06.08.2018 ന് 09.00 മണി മുതൽ ഉച്ചയ്ക്ക് 12.00 മണി വരെ വിദ്യാർത്ഥികൾക്ക് അതാത് കോളേജുകളിൽ ഹാജരായി രജിസ്ട്രേഷൻ നടത്താം. അന്നേ ദിവസം 03.00 മണിക്ക് സർവകലാശാല റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തും. 07.08.2018, 08.08.2018 എന്നീ തീയതികളിൽ പ്രവേശനമില്ല. വിദ്യാർത്ഥികൾക്ക് T.C., മറ്റ് അനുബന്ധ സർട്ടിഫിക്കറ്റുകൾ മുതലായവ തയ്യാറാക്കി വെക്കുന്നതിനുള്ള സമയമാണ്. 09.08.2018, 10.08.2018 എന്നീ തീയതികളിൽ കോളേജുകളിൽ പ്രവേശനം നടക്കും.

### യു ഐ റ്റി / സ്വാശ്രയ/ ഐ എച്ച് ആർ ഡി കോളേജുകളിലെ ഒന്നാം വർഷ ബിരുദ പ്രവേശനം.

യു.ഐ.റ്റി/സ്വാശ്രയ/ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ അഡ്മിഷൻ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് 06.08.2018 12 മണി വരെ തങ്ങളുടെ ഓൺലൈൻ അപേക്ഷയുടെ പ്രിൻറൗട്ട് അതാത് കോളേജുകളിൽ സമർപ്പിച്ച് രജിസ്ട്രേഷൻ നടത്താം. തുടർന്ന് അന്നേ ദിവസം 03.00 മണിക്ക് സർവകലാശാല റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തും. ഈ റാങ്ക് പട്ടിക അനുസരിച്ച് കോളേജുകളിൽ 10.08.2018 വരെ പ്രവേശനം നടക്കും

### പരീക്ഷാഫലം

ഡിസംബർ 2017 ൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ (എഫ്.ഡി.പി.സി.ബി.സി.എസ്) (2013 അഡ്മിഷൻ മുതൽ 2015 അഡ്മിഷൻ വരെ) പരീക്ഷാഫലം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ആഗസ്റ്റ് 29 വരെ ഓൺലൈനായി അപേക്ഷിക്കാം.

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും അപേക്ഷിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 20. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. കെമിസ്ട്രി, എം.എസ്സി. അനലിറ്റിക്കൽ കെമിസ്ട്രി, എം.എസ്സി. അപ്ലൈഡ് കെമിസ്ട്രി, എം.എസ്സി.മാത്സ്, എം. എസ്സി. ബയോടെക്നോളജി, എം.എസ്സി. മെഡിസിനൽ കെമിസ്ട്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2017 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ടെക് പാർട്ട്-ടൈം റീസ്ട്രക്ചേർഡ് (2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ.

## സമ്പർക്ക ക്ലാസുകൾ

വിദൂരവിദ്യാഭ്യാസ വിഭാഗം എല്ലാ സെന്ററുകളിലും ആഗസ്റ്റ് 5-ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബിരുദാനന്തര ബിരുദ ക്ലാസുകൾ ആഗസ്റ്റ് 12.ലേക്ക് മാറ്റിയിരിക്കുന്നു.

## അപേക്ഷ ക്ഷണിച്ചു

മൂന്നാം സെമസ്റ്റർ എംടെക് ഫുൾടൈം (2013 സ്കീം സപ്ലിമെന്ററി), അഞ്ചാം സെമസ്റ്റർഎം.ടെക് (2013 സ്കീം സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ എംടെക് (ഫുൾടൈം/ പാർട്ട് ടൈം) 2008 സ്കീം മേഴ്സി ചാൻസ് പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 07 വരെയും, 50 രൂപ പിഴയോടുകൂടി ആഗസ്റ്റ് 13 വരെയും, 125 രൂപ പിഴയോടുകൂടി ആഗസ്റ്റ് 18 വരെയും, അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 സെപ്റ്റംബർ 5-ാം തീയതി ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ BASLP (CBCSS Stream) ഡിഗ്രി പരീക്ഷക്ക് ഫീസ് പിഴകൂടാതെ ആഗസ്റ്റ് 13 വരെയും, 50 രൂപ പിഴയോടുകൂടി ആഗസ്റ്റ് 16 വരെയും, 125 രൂപ പിഴയോടുകൂടി ആഗസ്റ്റ് 18 വരെയും, അപേക്ഷിക്കാവുന്നതാണ്.

## മൂന്നാം വർഷ ബി.എ പുനപരീക്ഷ

മെയ് 17 ന് ഗവ. സംസ്കൃത കോളേജ് പരീക്ഷാകേന്ദ്രമായി നടന്ന മൂന്നാം വർഷ ബി.എ (ആന്വൽ സ്കീം) സോഷ്യോളി മെയിൻ- ഇന്ത്യൻ സൊസൈറ്റി പ്രോബ്ലംസ് ആന്റ് ചലഞ്ചസ് (മെയിൻ പേപ്പർ- 4) ന്റെ പുനപരീക്ഷ ഓഗസ്റ്റ് നാലിന് രാവിലെ 9.30 മുതൽ 12.30 വരെ ഗവ. സംസ്കൃത കോളേജ് കേന്ദ്രമായി നടത്തുന്നതാണ്.

തിരുവനന്തപുരം.
31.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ